# അല്ലാഹുവിൻെറ ചില സ്വിഫത്തുകൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )
**ഗ്രന്ഥം:** شرح لمعة الإعتقاد الهادي إلى سبيل الرشاد
**വിവർത്തനം:** *അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി*

## അല്ലാഹുവിൻെറ മുഖം (الوجه)

അല്ലാഹുവിന്ന് മുഖമുണ്ട് എന്നത് ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും സലഫുസ്വാലിഹുകളുടെ ഇജ്മാഅ് (അഭിപ്രായ ഐക്യം) കൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ്.

അല്ലാഹു പറയുന്നു:

وَيَبۡقَىٰ وَجۡهُ رَبِّكَ ذُو ٱلۡجَلَٰلِ وَٱلۡإِكۡرَامِ (سورة الر ن 27)

"മഹത്വവും ഉദാരതയുമുള്ളവനായ നിൻെറ രക്ഷിതാവിൻെറ മുഖം അവശേഷിക്കുന്നതാണ് " (റഹ്മാൻ: 27)

നബി(ﷺ)യിൽനിന്ന് സഅദുബ്നു അബീവഖാസ് (رضي الله عنه) ഇപ്രകാരം പറഞ്ഞതായി കാണാം:

إنكَ لَن تنفقَ نَفَقَةً تَبتَغي بِها وَجهَ ا ِ إلا أجَرتَ عَلَيها (متفق عليه)

"നീ അല്ലാഹുവിൻെറ മുഖമാഗ്രഹിച്ച് ഒന്നും തന്നെ ചെലവഴിക്കുന്നില്ല നിനക്കതിന് പ്രതിഫലം ലഭിച്ചുകൊണ്ടല്ലാതെ." (മുതഫഖുൻ അലൈഹി)

അല്ലാഹുവിന് മുഖമുണ്ടെന്ന കാര്യത്തിൽ സലഫുകൾ എല്ലാം അഭിപ്രായ ഐക്യമുള്ളവരാണ്. അതുകൊണ്ട്തന്നെ, അത് യാതൊരുവിധ മാററത്തിരുത്തലോ, നിരാകരിക്കലോ, ഉദാഹരിക്കലോ, ഉപമിക്കലോ കൂടാതെ അങ്ങിനെത്തന്നെ നാമും സ്ഥിരപ്പെടുത്തൽ നിർബന്ധമാണ്. അതാകട്ടെ അല്ലാഹുവിനു യോജ്യമായ നിലക്കുള്ള യഥാർത്ഥത്തിലുള്ള മുഖം തന്നെയാണ്.

എന്നാൽ നിരാകരിച്ചവരാകട്ടെ അത് പ്രതിഫലമാണ് മുഖംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യാഖ്യാനിച്ചതായിക്കാണാം; നാമതിന് ഇതിൻെറ ആദ്യത്തിൽ ചേർത്തിട്ടുള്ള നാലാം നിയമം കൊണ്ട് ഖണ്ഡിക്കുകയും ചെയ്യുകയാണ്.[1]

[1] http://salafivoice.com/classroom/01_Namavisheshanangal_Adisthana_Niyamangal.pdf കാണുക.

## അല്ലാഹുവിൻെറ ഇരു കൈകൾ (اليدان)

അല്ലാഹുവിന്ന് രണ്ട് കൈകളുണ്ടെന്നതും ഖുർആൻ, സുന്നത്ത്, സലഫുകളുടെ ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപ്പെടുത്തപ്പെട്ടതാണ്.

അല്ലാഹു പറയുന്നു:

بَلۡ يَدَاهُ مَبۡسُوطَتَانِ يُنفِقُ كَيۡفَ يَشَآءُۚ (ا ائدة 64)

''അല്ല, അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു'' (സൂറ: മാഇദ: 64).

നബി(ﷺ) പറഞ്ഞു:

يَم ا ِ ملأى لاَ يغيضهاَ نفَقَةُ سَحاَء اللَيلِ وَالنهاَرِ (إ قوله) بِيده الأَخرَى الْقَبض يَرفَع وَيَخفَض (مسلم والبخاري معناه)

"അല്ലാഹുവിൻെറ വലതു(കൈ) നിറഞ്ഞു നിൽക്കുന്നതാണ് രാത്രിയിലേയോ പകലിലേയോ ചിലവഴിക്കലുകൾ അതിനെയൊട്ടുംതന്നെ കുറവുവരുത്തുകയില്ല... .. .. അവൻെറ മററെ (കൈ) കൊണ്ട് സ്വീകരിക്കുകയും ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു." (മുസ്ലിം, ബുഖാരിയിലും ഇതേ ആശയത്തിലുള്ള ഹദീസ് കാണാവുന്നതാണ്).

പൂർവ്വികരായ സലഫുകളെല്ലാം അല്ലാഹുവിന് രണ്ട് കൈകളുണ്ട് എന്നും അതുരണ്ടും യഥാർത്ഥത്തിലുള്ളതാണ് എന്നും യാതൊരുവിധ മാററത്തിരുത്തലോ നിരാകരിക്കലോ വിശേഷിപ്പിക്കലോ ഉദാഹരിക്കലോ കൂടാതെത്തന്നെ സ്ഥിരപ്പെടുത്തിയവരായിരുന്നു.

എന്നാൽ ദുർവ്യാഖ്യാനക്കാർ അല്ലാഹുവിൻെറ അനുഗ്രഹം, ശക്തി എന്നതൊക്കെയാണ് കൈകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാറുണ്ട്. നമുക്കവരോട് നാലാംനമ്പർ നിയമത്തിൽ[2] നാം സൂചിപ്പിച്ചതുതന്നെയാണ് പറയാനുള്ളത്. കൂടാതെ നാലാമതൊരു മാർഗ്ഗത്തിലൂടെയും നമുക്കതിനെ ഖണ്ഡിക്കുവാൻ കഴിയും; അതെന്തെന്നാൽ സൂറത്ത് സ്വാദിൽ വന്നിട്ടുള്ള لِمَا خَلَقْتُ بِيَدَيَّ ( എൻെറ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ) എന്നതും, മേൽഹദീസിൽ പറയപ്പെട്ട وَبِيَدِهِ الأُخْرى (അവൻെറ മറേറ കൈകൊണ്ട്) എന്നിവയുടെ സന്ദർഭം മേൽപറയപ്പെട്ട രണ്ട് (ശക്തി, അനുഗ്രഹം) വ്യാഖ്യാനത്തേയും തീർത്തും എതിർക്കുന്നവയാണ്; എന്നതുതന്നെ.

അല്ലാഹുവിന്ന് വിശേഷണമായി കൈ എന്നത് വിവിധ രൂപത്തിൽ വന്നത് എങ്ങനെ യോജിപ്പിക്കും എന്ന് നോക്കാം.

ഒന്ന്, ഏകവചനം:

تَبَٰرَكَ ٱلَّذِي بِيَدِهِ ٱلۡمُلۡكُ (سورة ا لك 1)

[2] http://salafivoice.com/classroom/01_Namavisheshanangal_Adisthana_Niyamangal.pdf കാണുക.

“ആധിപത്യം ആരുടെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു.” (മുൽക് 1 ).

രണ്ട്, ദ്വിവചനം:

بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ (ا ائدة 64)

“അല്ല, അവൻെറ രണ്ടു കൈകളും നിവർത്തപ്പെട്ടവയാകുന്നു” (മാഇദ: 64).

മൂന്ന്, ബഹുവചനം:

أَوَلَمْ يَرَوْا۟ أَنَّا خَلَقْنَا لَهُم مِّمَّا عَمِلَتْ أَيْدِينَآ أَنْعَـٰمًا (سورة يــس 71)

“നമ്മുടെ കൈകൾ നിർമ്മിച്ചതിൽപെട്ട കാലികളെ അവർക്കുവേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവർ കണ്ടില്ലേ” (യാസീൻ 71).

അല്ലാഹുവിൻെറ സഹായത്താൽ നമുക്ക് മേൽകൊടുത്ത ആയത്തുകളെ ഇനി പറയുംവിധം യോജിപ്പിക്കാവുന്നതാണ്.

ആദ്യംപറഞ്ഞ ഏകവചനം, അല്ലാഹുവിന് സ്ഥിരീകരിച്ച കൈ എന്ന അർത്ഥത്തിലാണ്. അതൊരിക്കലും ദ്വിവചനത്തിന് എതിരാകുന്നില്ല. അതുപോലെ ബഹുവചനം പറഞ്ഞത് മൂന്നോ അതിലധികമോ വരുന്ന നിശ്ചിത എണ്ണം അർത്ഥത്തിലല്ല, മറിച്ച് ബഹുമാന സൂചകമായി ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ അതും രണ്ട് കൈകൾ എന്ന ദ്വിവചനത്തോട് എതിരാകുന്നില്ല. أَقَلُّ الجَمْع اِثنَـان (ബഹുവചനത്തിൽ ഏററവും കുറവ് രണ്ടാണ്) എന്ന തത്വമനുസരിച്ച് അതും അടിസ്ഥാനപരമായി ദ്വിവചനത്തോട് എതിരാവുന്നില്ല.

## അല്ലാഹുവിൻെറ മനസ്സ് (النفس)

അല്ലാഹുവിന് മനസ്സുണ്ട് എന്നതും ഖുർആനും ഹദീസും സലഫുകളുടെ ഇജ്മാഉം സ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്.

അല്ലാഹു പറയുന്നു:

كَتَبَ عَلَىٰ نَفْسِهِ ٱلرَّحْمَةَ (سورة الأنعام 12)

“അവൻ കാരുണ്യത്തെ സ്വന്തം പേരിൽ (ബാധ്യതയായി) രേഖപ്പെടുത്തിയിരിക്കുന്നു” (അൻആം 12).

ഈസാ നബി (عليه السلام) പറഞ്ഞതായി ഖുർആൻ പറയുന്നു:

تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ (سورة ا ائدة 116)

“(അല്ലാഹുവേ) എൻെറ മനസ്സിലുള്ളത് നീ അറിയുന്നു, എന്നാൽ നിൻെറ മനസ്സിലുള്ളത് ഞാനറിയുകയില്ല.” (മാഇദ: 116).

പ്രവാചകൻ (ﷺ) പറയുന്നു:

سبحانَ ا ـِ وَبِحَمده عَدَدَ خَلْقه وَرِضاَ نَفْسِه وَزِنَةَ عَرشه وَمدَادَ كَلماته (مسلم)

"അവൻെറ സൃഷ്ടികളുടെ എണ്ണത്തോളവും, അവൻെറ മനസ്സിൻെറ തൃപ്തിയോളവും അവൻെറ സിംഹാസനത്തിൻെറ ഭാരത്തോളവും അവൻെറ വചനങ്ങളുടെ മഷിയോളവും, അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു." (മുസ്ലിം)

പൂർവ്വീകരെല്ലാം അല്ലാഹുവിന്ന് അനുയോജ്യമായ വിധത്തിൽ യാതൊരു മാററത്തിരുത്തലോ നിരാകരണമോ ഉപമിക്കലോ രൂപം നൽകലോ കൂടാതെ അല്ലാഹുവിൻെറ മനസ്സ് സ്ഥിരപ്പെടുത്തിയവരായിരുന്നു. അക്കാരണത്താൽ തന്നെ അല്ലാഹുവിന്ന് അവന്നനുയോജ്യമായ മനസ്സുണ്ടെന്ന് സ്ഥിരപ്പെടുത്തൽ നിർബന്ധമാണ്. [3]

## അല്ലാഹുവിൻെറ കണ്ണ് (العين)

അല്ലാഹു പറയുന്നു:

وَٱصۡبِرۡ لِحُكۡمِ رَبِّكَ فَإِنَّكَ بِأَعۡيُنِنَاۖ (سورة الطور 48)

"നിൻെറ രക്ഷിതാവിൻെറ തീരുമാനത്തിന് നീ ക്ഷമാപൂർവ്വം കാത്തിരിക്കുക, തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിലാകുന്നു." (തൂർ 48)

ദജ്ജാലിനെ സംബന്ധിച്ച് പ്രവാചകൻ(ﷺ) പറയുന്നു:

إنَه هَو أعوَرُ وَإن رَبكُم لَيسَ بِأعوَر ( اري)

"തീർച്ചയായും അവൻ (ദജ്ജാൽ) ഒററക്കണ്ണനായിരിക്കും എന്നാൽ നിങ്ങളുടെ റബ്ബ് ഒററക്കണ്ണനല്ല." (ബുഖാരി)

## അല്ലാഹുവിൻ കണങ്കാൽ (الساق)

ഖുർആൻ പറയുന്നു:

يَوۡمَ يُكۡشَفُ عَن سَاقٍ وَيُدۡعَوۡنَ إِلَى ٱلسُّجُودِ (سورة القلم 42)

"കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും." (ഖലം 42)

[3] ഇവിടെ പറഞ്ഞതായ മൂന്ന് വിശേഷണങ്ങളെ കൂടാതെ വേറേയും ധാരാളം സ്വിഫത്തുകൾ ദാത്തിയായി തന്നെ (അസ്തിത്വപരമായവ) നമുക്ക് കാണാവുന്നതാണ്. ഈ വിഷയത്തിൽ ഗ്രന്ഥകാരൻ തൻെറ ഈ കൃതിയിൽ വിവരിച്ചിട്ടില്ലാത്തതും എന്നാൽ അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിൻെറ വിശ്വാസത്തിൽപെട്ടതും ഖുർആനും ഹദീസും വ്യക്തമാക്കിയതും മാററത്തിരുത്തൽ കൂടാതെ സലഫുസ്സ്വാലിഹുകൾ അംഗീകരിച്ച് സ്ഥിരപ്പെടുത്തിയതുമായ ഏതാനും വിശേഷണങ്ങൾകൂടി വിവരിക്കാൻ ഉദ്ദേശിക്കുന്നു. വിവർത്തകൻ.

നബി(ﷺ) പറഞ്ഞു:

يَكْشف رَبنا عَن ساقه فَيسجد له كُل مؤمنٍ وَمؤمَنةٍ وَيبقَى مَن كاَنَ يَسجد في الدنيا رِياَءً وَسَمعَةً فَيذْهَب لَيسجدَ فَيعود ظَهرَه طَبقاً واًحداً (البخاري)

"(അന്നേരം) നമ്മുടെ റബ്ബ് കണങ്കാൽ വെളിവാക്കും അപ്പോൾ ദുനിയാവിൽ പ്രശസ്തിക്കും മററുള്ളവരെ കാണിക്കുവാനും വേണ്ടി (നമസ്കരിച്ച്) സുജൂദ് ചെയ്തവർ ഒഴിച്ച് മറെറല്ലാ വിശ്വാസികളും വിശ്വാസിനികളും അവന് സുജൂദ് ചെയ്യും, അവരും സുജൂദിനായിട്ടൊരുങ്ങും അപ്പോൾ അവരുടെ മുതുക് (വളയാത്തവിധം നട്ടെല്ല്) ഒററ കഷ്ണമായി മാറിയിരിക്കും." (ബുഖാരി)

മേൽ പറഞ്ഞ ആയത്തിലും ഹദീസിലും വന്നിട്ടുള്ള കണങ്കാല് എന്ന വിശേഷണം അങ്ങനെത്തന്നെ അല്ലാഹുവിനുണ്ടെന്ന് സ്ഥിരീകരിക്കലാണ് സലഫുകളുടെ മാതൃക.

## അല്ലാഹുവിൻെറ കാല്, പാദം (الرجل, القدم)

അല്ലാഹുവിന് അവനനുയോജ്യമായ നിലക്കുള്ള കാല് മററു ചില റിപ്പോർട്ട് പ്രകാരം പാദമുണ്ട് എന്നത് സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുള്ളത് അങ്ങനെത്തന്നെ വിശ്വസിക്കുകയാണ് മുൻഗാമികളായ സലഫ് ചെയ്തിട്ടുള്ളത്. അതേ പ്രകാരം നാമും വിശ്വസിച്ച് മേൽ പറയപ്പെട്ട സ്വിഫതുകൾ അല്ലാഹുവിന്ന് സ്ഥിരീകരിക്കൽ നിർബന്ധമാണ്.

لاَتزَالُ جَهَنم يلْقَى فيهاَ وَهيَ تَقُولُ هَلْ من مَزيدِ حَتى يَضَع رَب الْعزةُ رِجلَه -وَفي رِوَايِةٍ- قَدَمَه فَينزَوِي بَعضهاَ إ بَعضٍ فَتقُولُ قَطِ قَطِ (متفق عليه)

"നരകം അതിലേക്ക് (അതിൻെറ ആളുകളെ) ഇട്ടുകൊണ്ടിരിക്കുമ്പോഴെല്ലാം ഇനിയുണ്ടോ എന്ന് പറഞ്ഞുകൊണ്ടേയിരിക്കും. അപ്പോൾ അല്ലാഹു തൻെറ കാൽ അതിൽവെക്കും – ചില റിപ്പോർട്ടുകളിൽ പാദം വെക്കും അപ്പോൾ അതങ്ങ് ചുരുണ്ടുകൂടുകയും മതി.. മതി.. എന്ന് പറയുകയും ചെയ്യും". (മുതഫഖുൻ അലൈഹി).

## അല്ലാഹുവിൻെറ വിരൽ (الإصبع)

ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത ഒരുഹദീസിൽ നമുക്ക് ഇപ്രകാരം കാണാം, നബി(ﷺ) പറഞ്ഞു:

إن قُلُوبَ بَنِي آدَمَ كُلّها بَينَ إصبَعَينِ من أَصَابِع الرحمنِ كَقَلْبٍ وَاحدٍ يصرِفُه حَيثُ يَشاَءُ (مسلم)

"തീർച്ചയായും മനുഷ്യഹൃദയങ്ങളെല്ലാം അല്ലാഹുവിൻെറ രണ്ട് വിരലുകൾക്കിടയിൽ ഒരൊററ ഹൃദയം പോലെയാണ്. അവനുദ്ദേശിക്കുംവിധം അവനത് കൈകാര്യം ചെയ്യുന്നതുമാണ്." (മുസ്ലിം)

മേൽ പറയപ്പെട്ട തിരുവചനത്തിൽ അല്ലാഹുവിൻെറ വിരലുകളെ സംബന്ധിച്ച് വന്നതിനാൽ അത് അങ്ങിനെത്തന്നെ സ്ഥിരീകരിക്കുക എന്നതായിരുന്നു സലഫുസ്സ്വാലിഹുകളുടെ മാർഗ്ഗം.

## അല്ലാഹുവിൻെറ വരവ് (المجيء)

അന്ത്യനാളിൽ തൻെറ അടിമകൾക്കിടയിൽ തീർപ്പ് കൽപ്പിക്കാനായി അല്ലാഹു വരികതന്നെ ചെയ്യും എന്നത് ഖുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപ്പെട്ട കാര്യമാണ്.

അല്ലാഹു പറയുന്നു:

وَجَآءَ رَبُّكَ (سورة الفجر 22)

''നിൻെറ നാഥൻ വരികയും ചെയ്താൽ'' (ഫജ്ർ 22)

هَلۡ يَنظُرُونَ إِلَّآ أَن يَأۡتِيَهُمُ ٱللَّهُ (سورة البقرة 210 )

''അല്ലാഹു അവരുടെ അടുക്കൽ വരുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്'' (ബഖറ: 210)

സുദീർഘമായ ഒരു ഹദീസിൽ നബി(ﷺ) ഇങ്ങനെ പറഞ്ഞു:

حَتى إذَا لَم يَبقَ إلا مَن يَعبد الله أَتاهم رَب الْعَالَمينَ (متفق عليه)

" ..അങ്ങനെ അല്ലാഹുവിനെ ആരാധിച്ചവർ മാത്രം ബാക്കിയായാൽ ലോകനാഥനായ അല്ലാഹു അവരുടെയടുക്കൽ വരും" (മുതഫഖുൻ അലൈഹി)

മേൽ പറയപ്പെട്ട അല്ലാഹുവിൻെറ വരവ് സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സലഫികൾ ഏകാഭിപ്രായക്കാരാണ്. അക്കാരണത്താൽ തന്നെ അതിൽ യാതൊരുവിധ മാററമോ, നിരാകരണമോ, ഉപമയോ, രൂപപ്പെടുത്തലോ നടത്താതെ നാമും സ്ഥിരപ്പെടുത്തൽ നിർബന്ധമാണ്.

എന്നാൽ ഇതിനെ നിരാകരിച്ച ഒരുകൂട്ടർ അതല്ലാഹുവിൻെറ കൽപ്പന വരലാണ് എന്ന് വിശദീകരിച്ചതായികാണാം. നമുക്ക് മുമ്പ് സൂചിപ്പിച്ച ഖണ്ഡനം തന്നെയാണ് അതിന് നൽകാനുള്ളത്.

## അല്ലാഹുവിൻെറ തൃപ്തി (الرضا)

അല്ലാഹു പറയുന്നു:

رَّضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُ (سورة البينة 8)

"അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു അവർ അല്ലാഹുവിനേയും തൃപ്തിപ്പെട്ടി രിക്കുന്നു" (ബയ്യിന: 8)

നബി(ﷺ) പറഞ്ഞു:

إن ا َ لَيرضَى عَنِ الْعَبد أنْ يَأكُلَ الأَكْلَةَ فَيحمَده عَلَيها أَو يَشرَب الشرَبَةَفَيحمَده عَلَيها (مسلم)

“തീർച്ചയായും അല്ലാഹു, ഒരു ദാസൻ ഭക്ഷിക്കുന്നതോടൊപ്പം അല്ലാഹുവിനെ സ്തുതിക്കുന്നതിനേയും കുടിക്കുന്നതോടൊപ്പം അല്ലാഹുവിനെ സ്തുതിക്കുന്നതിനേയും തൃപ്തിപ്പെടുകതന്നെ ചെയ്യും” (മുസ്ലിം)

മുമ്പ് സൂചിപ്പിച്ചപോലെത്തന്നെ അത് അല്ലാഹുവിന് യോജിക്കുന്നവിധം യഥാർത്ഥത്തിലുള്ള തൃപ്തിതന്നെയാണെന്ന് സ്ഥിരപ്പടുത്തൽ നമുക്ക് നിർബന്ധമാണ്. എന്നാലത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിൻെറ പ്രതിഫലമാണെന്ന് വിശദീകരിച്ച വരുണ്ട്. അവരോട് മുമ്പ് സൂചിപ്പിച്ച മറുപടിതന്നെയാണ് നമുക്ക് പറയുവാനുള്ളത്.

## അല്ലാഹുവിൻെറ സ്നേഹം (المحبة)

അല്ലാഹു പറയുന്നു:

فَسَوْفَ يَأْتِي ٱللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُۥٓ (سورة ا ائدة 54)

“പിന്നീട് അല്ലാഹു ഇഷ്ടപ്പെടുകയും അല്ലാഹുവിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു ജനതയെ അവൻ കൊണ്ടുവരുന്നതാണ്” (മാഇദ: 54).

പ്രവാചകൻ(ﷺ) ഖൈബർ യുദ്ധദിവസം പറഞ്ഞു:

لأُعطِين الرايَةَ غَدا رَجلاً يحب ا َ وَرَسولَه وَيحبه ا ُ وَرَسولُه (متفق عليه)

“നാളെ, ഞാനീ പതാക അല്ലാഹുവിനേയും അവൻെറ റസൂലിനേയും ഇഷ്ടപ്പെടുന്നതും അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്നതുമായ ഒരാളെ ഏൽപ്പിക്കുകതന്നെ ചെയ്യും” (മുതഫഖുൻ അലൈഹി)

മേൽ പറഞ്ഞ വിശേഷണത്തേയും അല്ലാഹുവിൻെറ പ്രതിഫലമാണ് എന്നു പറഞ്ഞ് തള്ളിയവരുണ്ട്. മുമ്പ് പറഞ്ഞ ഖണ്ഡനം തന്നെയാണ് അതിന് നൽകുവാനുള്ളത്.

## അല്ലാഹുവിൻെറ കോപം (الغضب)

ബോധപൂർവ്വം ഒരു വിശ്വാസിയെ കൊലപ്പെടുത്തിയവരുടെ കാര്യത്തിൽ അല്ലാഹു പറയുന്നു:

وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ (سورة النساء 93)

“അവൻെറ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു” (നിസാഅ് 93)

നബി(ﷺ) പറഞ്ഞു:

إن ا َ كَتبَ كتاَباً عندَه فَوقَ الْعرشِ إن رَحمَتي تَغلَب غَضَبِي (متفق عليه)

“അല്ലാഹു സിംഹാസനത്തിൽ അവൻെറയടുക്കൽ, എൻെറ കാരുണ്യം കോപത്തെ അതിജയിച്ചിരിക്കുന്നു എന്ന് ഒരു രേഖ എഴുതിവെച്ചിരിക്കുന്നു.” (മുതഫഖുൻ അലൈഹി)

മേൽ പറഞ്ഞ കോപത്തെ ശിക്ഷയാണ് എന്ന് പറഞ്ഞ് തള്ളിയവരുണ്ട്. അവരോട് മുമ്പ് പറഞ്ഞ മറുപടിക്ക് പുറമെ താഴെ പറയുന്ന മററൊരു ഖണ്ഡനവും കൂടിയുണ്ട് നമുക്ക്: അല്ലാഹു കോപത്തേയും ശിക്ഷയേയും വേറെവേറെത്തന്നെ പറഞ്ഞിട്ടുണ്ട്

فَلَمَّآ ءَاسَفُونَا ٱنتَقَمۡنَا مِنۡهُمۡ (سورة الزخرف 55)

“അവർ നമ്മെ കോപിപ്പിച്ചപ്പോൾ നാം അവരെ ശിക്ഷിച്ചു” (സുഖ്റുഫ് 55)

ഇവിടെ ശിക്ഷ കോപത്തിൻെറ ഫലമായുണ്ടാകുന്നതാണ് എന്ന് വന്നതിൽനിന്ന് കോപമെന്നത് ശിക്ഷയാണെന്ന് പറഞ്ഞു കൂടാത്തതാണ്.

## അല്ലാഹുവിൻെറ ദേഷ്യം (السخط)

അല്ലാഹു പറയുന്നു:

ذَٰلِكَ بِأَنَّهُمُ ٱتَّبَعُواْ مَآ أَسۡخَطَ ٱللَّهَ (سورة محمد 28)

“അത്, അവർ അല്ലാഹുവിന് ദേഷ്യമുണ്ടാക്കുന്ന കാര്യങ്ങൾ പിന്തുടർന്നതിനാലാണ്” (മുഹമ്മദ് 28)

പ്രവാചകൻെറ പ്രാർത്ഥനയിൽ നമുക്ക് ഇങ്ങനെ കാണാം:

اللهم إني أعوذُ بِرِضَاكَ من سخطكَ وَبِمعَافَاتكَ من عقُوَبتكَ (مسلم)

“അല്ലാഹുവേ നിൻെറ തൃപ്തികൊണ്ട് നിൻെറ ദേഷ്യത്തിൽ നിന്നും, നിൻെറ മാപ്പ്കൊണ്ട് നിൻെറ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു” (മുസ്‌ലിം)

ഇവിടേയും ശിക്ഷയാണുദ്ദേശ്യമെന്ന് പറയുന്നവരുണ്ട് അവരോടും നമുക്ക് പറയാനുള്ളത് മുമ്പ് പറഞ്ഞതുതന്നെയാണ്.

## അല്ലാഹുവിൻെറ വെറുപ്പ് (الكَرَاهَة)

അല്ലാഹു പറയുന്നു:

وَلَٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمۡ (سورة التوبة 46)

"പക്ഷേ, അവരുടെ പുറപ്പാട് അല്ലാഹു വെറുത്തു" (തൗബ: 46).

പ്രവാചകൻ(ﷺ) പറഞ്ഞു:

إن الله كَرِهَ لَكُم قيلَ وَقَالَ وَكَثْرَةُ السؤَالِ وَإضَاعَةُ الْمَالِ (البخاري)

"തീർച്ചയായും അല്ലാഹു ഖാലയും ഖീലയും (അടിസ്ഥാനമില്ലാത്ത ആരെങ്കിലും പറഞ്ഞതും പറയപ്പെട്ടതും) അധികരിച്ച ചോദ്യങ്ങളും, ധനം നഷ്ടപ്പെടുത്തുന്നതും നിങ്ങളുടെ മേൽ വെറുത്തിരിക്കുന്നു". (ബുഖാരി)

ഇവിടെ വ്യക്തമാക്കപ്പെട്ട വെറുപ്പിനെ അകററുകയെന്ന് വ്യാഖ്യാനിച്ചവരുണ്ട്. അവരോടും മുമ്പ് പറഞ്ഞതായ ഖണ്ഡനം തന്നെയാണ് നമുക്ക് പറയാനുള്ളത്.

## അല്ലാഹുവിൻെറ ഇറങ്ങൽ (النُّزول)

അല്ലാഹുവിൻെറ ഒന്നാം ആകാശത്തിലേക്കുള്ള ഇറങ്ങിവരലും സുന്നത്ത്കൊണ്ടും ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ടതാണ്.

നബി(ﷺ) പറഞ്ഞു:

يَنزِلُ رَبنا إلَى السماءِ الدنيا حين يَبقى ثُلُثُ الليلُ الآخر فَيقُولُ مَن يَدعونِي فَأَستَجِيب له .....(متفق عليه)

"രാത്രിയുടെ മൂന്നിലൊരുഭാഗം ബാക്കി നിൽക്കുന്ന സമയത്ത് നമ്മുടെ റബ്ബ് ഒന്നാനാകാശത്തേക്ക് ഇറങ്ങിവരികയും, ഇപ്രകാരം പറയുകയും ചെയ്യും 'ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ അവന്ന് ഞാനുത്തരം നൽകുന്നതാണ്' എന്ന്..."( മുതഫഖുൻ അലൈഹി)

ഇതിനെ അല്ലാഹുവിൻെറ കൽപ്പന, കാരുണ്യം, മലക്ക് എന്നൊക്കെ വ്യാഖ്യാനിക്കുന്നവരുണ്ട്. അവക്കെല്ലാം മുമ്പ് പറഞ്ഞ മറുപടിയോടൊപ്പം ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ അവർക്ക് ഞാനുത്തരം നൽകുമെന്ന വാക്ക് ഒരിക്കലും അവരുടെ വ്യാഖ്യാനപ്രകാരം ന്യായീകരിക്കാൻ കഴിയുന്നതല്ല എന്ന മറുപടിയിലൂടേയും നമുക്ക് ഖണ്ഡിക്കുവാൻ സാധിക്കും.

## അല്ലാഹുവിൻെറ അത്ഭുതം (العجب)

അല്ലാഹു പറയുന്നു:

بَلۡ عَجِبۡتَ وَيَسۡخَرُونَ (سورة الصافات 12)

"പക്ഷേ ഞാനത്ഭുതപ്പെട്ടു അവരാകട്ടെ, പരിഹസിക്കുകയും ചെയ്യുന്നു." (സ്വാഫ്ഫാത്ത് 12).

ഈ ആയത്ത് عَجِبْتُ (അജിബ്തു) എന്ന പാരായണ നിയമപ്രകാരമാണ് മേൽ അർത്ഥം. عَجِبْتَ അജിബ്ത എന്നും പാരായണമുണ്ട്.

പ്രവാചക വചനത്തിൽ ഇപ്രകാരം കാണാം

يَعجِب رَبك مِنَ الشاب لَيسَت لَه صَبوَةٌ (أ د 151/4)

"യാതൊരുവിധ വിനോദങ്ങളിലും ഏർപ്പെടാത്ത യുവാവിനെ സംബന്ധിച്ച് അല്ലാഹു അത്ഭുതപ്പെടുന്നതാണ്" (അഹമദ്4/151).

അത്ഭുതപ്പെടുക എന്നത്കൊണ്ടുള്ള വിവക്ഷ പ്രതിഫലം നൽകലാണ് എന്ന് വ്യാഖ്യാനിച്ചവരുണ്ട്. ഇവിടെയും നേരത്തെ പറഞ്ഞത് തന്നെയാണ് ഖണ്ഡനമായി പറയാനുള്ളത്.

**അത്ഭുതം രണ്ട് വിധത്തിലുണ്ട്:**

ഒന്ന്, അത്ഭുതപ്പെടുന്നവനിൽ നിന്നും വിവിധകാരണങ്ങളാൽ ഒരുകാര്യം മറഞ്ഞുനിൽക്കുകയും പെട്ടന്ന് അത് കാണുകയും ചെയ്താൽ അവൻ പരിഭ്രമിക്കുയും അതൊരു വലിയ കാര്യമായി കാണുകയും അൽഭുതപ്പെടുകയും ചെയ്യും. ഇത് അല്ലാഹുവിന് ഉണ്ടാകാൻ പാടില്ലാത്തതാണ്. കാരണം അവന്ന് മറഞ്ഞതായി ഒന്നും തന്നെയില്ല.

മററൊന്ന്, തുല്യതയള്ളവയുടെ കൂട്ടത്തിൽനിന്നും ഒന്നിനെ പുറത്തെടുക്കുക എന്നുള്ളതാണ്. അതല്ലെങ്കിൽ അത്ഭുതപ്പെടുന്നവൻെറ അക്കാര്യത്തിലുള്ള അനിവാര്യമായും ഉണ്ടായിരിക്കേണ്ട അറിവ്. ഇതാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നതും സ്ഥിരീകരിക്കുന്നതും.

## അല്ലാഹുവിൻെറ ചിരി (الضحك)

നബിവചനത്തിൽ ഇപ്രകാരം കാണാം:

يَضحَك ا ُ إِلَى رَجلَينِ يَقْتلُ أَحَدهماَ الآخَرَ يدخلاَن الْجَنةَ يقَاتلُ هذاَ في سَبِيلِ ا ِ فَيقُتَلُ ثُم يَتوب ا ُ عَلَى الْقَاتلِ فَيستَشهَد (متفق عليه)

"അല്ലാഹു രണ്ടാളുകളുടെ കാര്യത്തിൽ ചിരിക്കുന്നു.! ഒരാൾ മറ്റൊരാളെ കൊലപ്പെടുത്തുന്നു, രണ്ടാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു!. അതായത് ഒരാൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ശേഷം ഘാതകന് അല്ലാഹു പൊറുത്ത് കൊടുക്കുകയും അവനും രക്തസാക്ഷിത്വം വരിക്കപ്പെടുന്നു. (അങ്ങനെ അവൻ സ്വർഗ്ഗത്തിലെത്തുകയും ചെയ്യുന്നു" (മുതഫഖുൻ അലൈഹി).

ഇവിടെയും പ്രതിഫലമാണത്കൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. നേരത്തെ പറഞ്ഞ മറുപടിതന്നെ നാം ആവർത്തിക്കുകയും ചെയ്യുന്നു.

## അല്ലാഹുവിൻെറ സിംഹാസനാരോഹാതനാകൽ (الاستواء على العرش)

അല്ലാഹു പറയുന്നു:

ٱلرَّحۡمَـٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ (سورة طـه 5)

"അല്ലാഹു സംഹാസനത്തിന്മേൽ ആരോഹിതനായിരിക്കുന്നു" (ത്വാഹ 5).

ഇത്പേലെ ഖുർആനിൽ ഏഴു സ്ഥലങ്ങളിൽ കാണാവുന്നതാണ്.

പ്രവാചകൻ(ﷺ) പറഞ്ഞു:

إن الله لما قضى الخلق كتب عنده فوق العرش أن رحمتي سبقت غضبي (البخاري)

"അല്ലാഹു സൃഷ്ടിപ്പ് നിർവ്വഹിച്ച് കഴിഞ്ഞപ്പോൾ തൻെറയടുക്കൽ സിംഹാസനത്തിന്മേൽ ഇപ്രകാരം എഴുതിവെക്കുകയുണ്ടായി. 'എൻെറ കാരുണ്യം കോപത്തെ മുൻകടന്നതാണ്''' (ബുഖാരി)

അബൂദാവൂദ് റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസുകൂടി കാണുക:

إن بعد ما بين سماء إلى سماء إما واحدة أو اثنتان أوثلاث وسبعون سنة إلى أن قال في العرش بين أسفله وأعلاه مثل ما بين سماء إلى سماء ثم الله تعالى فوق ذلك (أخرجه أيضا الترمذي وابن ماجه)

"രണ്ട് ആകാശങ്ങൾ തമ്മിലുള്ള ദൂരം, അത് ഒന്നോ രണ്ടോ മൂന്നോ ഏതായിരുന്നാലും എഴുപത് കൊല്ലമാണ്. പിന്നീട് അർശിനെക്കുറിച്ച് പറഞ്ഞു: അതിൻെറ അടിമുതൽ മുകൾവരെയുള്ളതും രണ്ട് ആകാശങ്ങൾ തമ്മിലുള്ള അത്രയാണ്. പിന്നെ അതിൻെറ മുകളിൽ അല്ലാഹുവും" (തുർമുദിയും ഇബ്നുമാജയും ഈ ഹദീസ് ഉദ്ധരിക്കുന്നുണ്ട്). ഇതിൽ ന്യൂനത പറയപ്പെട്ടിട്ടുണ്ടെങ്കിലും ശൈഖ് ഇബ്നുൽ ഖയ്യിം(റ) അബൂദാവിന് വിശദീകരണമെഴുതിയതിൽ അതിനു മറുപടിയും പറഞ്ഞിട്ടുണ്ട്. (തഹ്ദീബ് സുനനു അബീദാവൂദ് 7/ 92, 93)

അത്കൊണ്ട് അല്ലാഹുവിന് അനുയോജ്യമായ നിലയിൽ അവൻ യഥാർത്തമായിത്തന്നെ സിംഹാസനത്തിൽ ആരോഹിതനാണ് എന്ന് നാമും വിശ്വസിക്കൽ നിർബന്ധമാണ്.

ദുർവ്യാഖ്യാനക്കാർ ഇതിനെ ആധിപത്യനായിരിക്കുന്നു എന്ന് അർത്ഥം നൽകി തള്ളിക്കളഞ്ഞിട്ടുണ്ട്. എന്നാൽ പറഞ്ഞ പൊതുവായ ഖണ്ഡനത്തിനു പുറമെ, നാലാമതായി അങ്ങനെ ഒരർത്ഥം ഭാഷയിലില്ലായെന്നും, അഞ്ചാമതായി അങ്ങനെ വ്യാഖ്യാനിച്ചാൽ അതോടൊപ്പം സിംഹാസനം അല്ലാഹുവിൻെറ അധീനതയിൽ പെട്ടതല്ലാ എന്നും പിന്നീട് അവൻ അധികാരമേറെറടുത്തു എന്നുമുള്ള ഒരുപാട് പൊള്ളത്തരങ്ങൾ പറയേണ്ടി വരും എന്നും നാം ഖണ്ഡിക്കുകയാണ്.

## സിംഹാസനം العرش

സിഹാസനം എന്നാൽ ഭാഷയിൽ രാജാക്കന്മാരുടെ കട്ടിൽ എന്നാണ് അർത്ഥം. എന്നാൽ ഇസ്‌ലാമിൻെറ സാങ്കേതികമായ അർത്ഥം അല്ലാഹു അവനനുയോജ്യമാംവിധം ആരോഹിതനായ ഉന്നതമായിട്ടുള്ള ഒന്ന് എന്നാണ്. അത് അവൻെറ സൃഷ്ടികൾക്കെല്ലാം മീതെയും അവകളേക്കാളെല്ലാം വലുതുമാണ്. അല്ലാഹു അതിനെ ഉന്നതമായത് عظيم , മാന്യമായത് كريم, ശ്രേഷ്ഠമായത് مجيد എന്നൊക്കെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

لكرسي കുർസിയ്യ് എന്നാൽ അത് العرش സിംഹാസനമല്ല. അർശ് എന്നാൽ അതിന്മേലാണ് അല്ലാഹു ആരോഹിതനായിട്ടുള്ളത്. കുർസിയ്യ് എന്നാൽ ഇബ്നുഅബ്ബാസ് (റ)ൽനിന്ന് ഇമാം ഹാകിം (റ) തൻെറ മുസ്തദറകിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഇപ്രകാരമാണ്.

الكرسي مَوضع الْقَدَمَين ، وَالْعرش لاَيقْدر أَحَدُ قَدرَه (ا ستدرك للحاكم).

"കുർസിയ്യ് എന്നാൽ രണ്ട് കാൽപാദങ്ങളുടെ സ്ഥാനമാണ്. അർശ് അതെങ്ങനെയാണെന്ന് ഒരാൾക്കും കണക്കാക്കാൻ പററാത്തതുമാണ്." (ഹാകിം മുസ്തദ്റക് ) ഇത് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അവരുടെ നിബന്ധനകൾക്ക് യോജിച്ചതാണ്.

## അല്ലാഹുവിൻെറ ഔന്നത്യം (العلوّ)

അല്ലാഹു പറയുന്നു:

وَهُوَ ٱلْعَلِىُّ ٱلْعَظِيمُ (البقرة 255)

"അവൻ ഉന്നതനും മഹാനുമാകുന്നു" (ബഖറ: 255).

നബി(ﷺ) സുജൂദിലെ പ്രാർത്ഥനകളിൽ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു:

سُبحاَن ربي ألأعْلى (مسلم)

“അത്യുന്നതനായ അല്ലാഹു പരിശുദ്ധനാകുന്നു” (മുസ്‌ലിം)

**ഔന്നത്യമെന്ന വിശേഷണം രണ്ട് വിധമുണ്ട്:**

ഒന്ന്, അല്ലാഹുവിൻെറ വിശേഷണങ്ങൾ എല്ലാവിധേനയും ഉന്നതമായവയാണ്, അവ യാതൊരുവിധ ന്യൂനതകളുമില്ലാത്തവയുമാണ്.

മററൊന്ന്, അല്ലാഹു ദാതിയായി (അവൻെറ അസ്തിത്വം) എല്ലാ സൃഷ്ടികളേക്കാളും മീതെയാണ് എന്നുള്ളതാണ്.

അല്ലാഹു പറയുന്നു:

ءَأَمِنتُم مَّن فِي ٱلسَّمَآءِ (سورة الملك 16)

“ആകാശത്തുള്ളവനെപ്പററി നിങ്ങൾ നിർഭയരായിരിക്കുകയാണോ ?” (മുൽക് 16)

പ്രവാചകൻ(ﷺ) പറഞ്ഞു:

رَبنَا ا ُ الذي في السماءِ تقَدس اسمكَ (أبوداود)

“ആകാശത്തുള്ളവനായ അല്ലാഹുവാണ് ഞങ്ങളുടെ രക്ഷകൻ നിൻെറ നാമം വാഴ്ത്തപ്പെടുന്നു.” (അബൂദാവൂദ്). ഈ ഹദീസിൻെറ പരമ്പരയിലുള്ള സിയാദത്തുബ്നു മുഹമ്മദ് എന്ന വ്യക്തിയെപ്പററി ബുഖാരി, മുൻകറുൽ ഹദീസ് (വെറുക്കപ്പെട്ടവൻ) ആണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്തിട്ടുള്ള മുആവിയത്തുബ്നു ഹകമിനെ സംബന്ധിച്ചുള്ള ഹദീസിൽ നബി(ﷺ) അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന അടിമപ്പെൺകുട്ടിയോട് ഇങ്ങനെ ചോദിച്ചതായികാണാം أَيْنَ اللهُ (അല്ലാഹു എവിടെയാണ്), അവൾ പറഞ്ഞു: فِي السَّماءِ (ആകാശത്തിലാണ്) എന്ന്. അന്നേരം നബി(സ) പറഞ്ഞു: أَعْتِقْها فَإِنَّها مُؤْمِنَةٌ (നീയവളെ മോചിപ്പിച്ചേക്കുക തീർച്ചയായും അവൾ വിശ്വാസിനിയാണ്). (മുസ്‌ലിം)[4]

നബി(ﷺ) ഇംറാനുബ്നു ഹുസൈനിൻെറ പിതാവ് ഹുസൈനു ബ്നു ഉബൈദുൽ ഖുസാഇയുടെ ഇസ്ലാംമതാശ്ലേഷണ സമയം പറഞ്ഞു: (أترك السِتةَ وَاعبد الذي في السَماءِ )

[4] ഇവിടെ സൂചിപ്പിക്കട്ടെ സംഭവം: മുആവിയത്തുബ്നു ഹകം(رضي الله عنه)വിന് ഒരടിമസ്ത്രീയുണ്ടായിരുന്നു. അദ്ദേഹമൊ രിക്കൽ അവളോട് ദേഷ്യപ്പെടുകയും മുഖത്തടിക്കുകയും ചെയ്തെങ്കിലും പിന്നീടതിൽ ഖേദിക്കുകയും അക്കാര്യം നബി(ﷺ)യോട് പറയുകയും ചെയ്തു, അന്നേരം നബി(ﷺ) അദ്ദേഹത്തോട് പറഞ്ഞു: നിനക്കവളെയങ്ങ് മോചിപ്പിച്ച് സ്വതന്ത്രയാക്കിക്കൂടെ, അദ്ദേഹം അതിന് തയ്യാറായപ്പോൾ അവളെ തൻെറയടുത്ത് കൊണ്ട് വരാൻ പറയുകയും തുടർന്ന് അവളോട് ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു; അതിൽ പെട്ടതായിരുന്നു ഹദീസിൽ പറയട്ടെ أَيْنَ اللهُ(അല്ലാഹു എവിടെയാണ്? അവൾ പറഞ്ഞു: فِي السَّماءِ (ആകാശത്തിലാണ്). പിന്നീട് ചോദിച്ചു: مَنْ أنا (ഞാൻ ആരാണ്) ? അവൾ പറഞ്ഞു: أَنْتَ رَسُولُ اللهِ (നിങ്ങൾ അല്ലാഹുവിൻെറ റസൂലാണ് ) . അന്നേരം നബി(ﷺ) അവളുടെ യജമാനനായ മുആവിയയോട് പറഞ്ഞു أَعْتِقْهاَ فَإِنَّها مُؤْمِنَةٌ (അവളെ മോചിപ്പിച്ചേക്ക് അവൾ മുഅ്മിനത്താണ്. വിവർത്തകൻ

(ആറെണ്ണം ഒഴിവാക്കിയേക്കുക, ആകാശത്തിലുള്ള ഒരുവനെ ആരാധിക്കുകയും ചെയ്യുക). ഇവിടെ ഗ്രന്ഥകാരൻ സൂചിപ്പിച്ചതും, അദ്ദേഹത്തിൻെറ ഇസ്ലാംമതാശ്ലേഷണ സമയം ഇതല്ലാതെ അദ്ദേഹം പറഞ്ഞതായി ഇബ്നുഖുസൈമയിൽനിന്ന് അൽ ഇസ്വാബ: എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ട മററുവാക്കുകളും ഒരു കാര്യം പ്രവാചകൻ(ﷺ) അംഗീകരിച്ചതായി വ്യക്തമാക്കുന്നുണ്ട്. അത് അദ്ദേഹത്തോട് നബി(ﷺ) ചോദിച്ചു, നീയിപ്പോൾ എന്തിനെയാണ് ആരാധിക്കുന്നത് അദ്ദേഹം പറഞ്ഞു:

(ستةً في الأرضِ وَوَاحدا في السَمَاءِ )

(ആറെണ്ണം ഭൂമിയിലും ഒരെണ്ണം ആകാശത്തുള്ളതും). (ഈ വാചകത്തിലെ ഒരെണ്ണം ആകാശത്തുള്ളത് എന്നത് നബി(ﷺ) അംഗീകരിച്ചു എന്നുസാരം.

അല്ലാഹുവിൻെറ ഔന്നത്യവും അവൻ ആകാശത്തിലാണെന്ന കാര്യവും മുൻകഴിഞ്ഞ സലഫുകളെല്ലാം അംഗീകരിക്കുകയും അല്ലാഹുവിന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ നാമും അതങ്ങനെത്തന്നെ അംഗീകരിക്കൽ നിർബന്ധമാണ്.

എന്നാൽ അല്ലാഹുവിൻെറ അസ്തിത്വം ആകാശത്താണ് എന്നതിനെ നിരാകരിച്ചവർ അല്ലാഹുവിൻെറ അധികാരവും ആധിപത്യവും ആകാശത്താണെന്ന് ദുർവ്യാഖ്യാനം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. അത്തരക്കാർക്കുള്ള ഖണ്ഡനമായി മുമ്പ് പൊതുവായി പറഞ്ഞതിന്നു പുറമെ അല്ലാഹുവിൻെറ ആധിപത്യം ആകാശത്തും ഭൂമിയിലുമുണ്ട് എന്ന് നാലാമതായും, അത് പരിപൂർണ്ണതയുടെ വിശേഷണമാണ് എന്നത് ബുദ്ധി അംഗീകരിക്കുന്ന കാര്യമാണ് എന്ന് അഞ്ചാമതായും, അല്ലാഹു ആകാശത്താണ് എന്നത് സൃഷ്ടികളിൽ പ്രകൃത്യാ ഊട്ടപ്പെട്ടിട്ടുള്ളതാണ് എന്നത് ആറാമത്തെ ഖണ്ഡനമായും നാം നിരത്തുകയാണ്.

## അല്ലാഹു ആകാശത്തിലാണെന്നതിൻെറ അർത്ഥം

അല്ലാഹു ആകാശത്തിലാണ് എന്നതിൻെറ വിവക്ഷ, അവൻ ആകാശത്തിന്മേലാണ് എന്നാണ്. അപ്പോൾ ഇവിടെ പ്രയോഗിക്കപ്പെട്ട فِي (ഫീ) അഥവാ ഇൽ എന്നതിൻെറ ഉദ്ദേശ്യം عَلَى (അലാ) എന്ന വ്യാപകമായ അർത്ഥത്തിലാണ്. അതല്ലാതെ അല്ലാഹുവിനെ പരിമിത സ്ഥലവുമായി ബന്ധിക്കാനുള്ളതല്ല. അതല്ലെങ്കിൽ അവൻ ഉന്നതിയിലാണ് എന്നുമാവാം. അപ്പോൾ السماء (ആകാശം) എന്നത് കൊണ്ടുള്ള വിവക്ഷ ഉന്നതി എന്നാണ്. അല്ലാതെ നാം കാണുന്ന ആകാശമല്ല.

കുറിപ്പ്: ബഹുവന്ദ്യരായ ഗ്രന്ഥകാരൻ (ഇബ്നു ഖുദാമ അൽ മഖ്ദസി) അല്ലാഹു അദ്ദേഹത്തിന് കരുണചൊരിയട്ടെ, പ്രാവാചകൻേറയും സ്വഹാബികളുടേയും അടയാളം എന്ന നിലക്ക്, അവർ അവരുടെ ആരാധ്യൻ ആകാശത്താണ് എന്ന് വാദിക്കുന്നതോടൊപ്പം ഭൂമിയിൽ സുജൂദ് ചെയ്യുന്നവരാണ് എന്ന് പൂർവ്വീകരുടെ ചില ഗ്രന്ഥങ്ങളെ ഉദ്ധരിച്ച് പറയപ്പെട്ടിട്ടുണ്ട്; എന്നാൽ അത് ശരിയല്ല അതിന്ന് യാതൊരു രേഖയുമില്ല. അല്ലാഹുവിൻെറ ഔന്നത്യത്തിലുള്ള വിശ്വാസവും അവന് ചെയ്യുന്ന സുജൂദും ഈ സമുദായത്തിനുള്ള സവിശേഷതയുമല്ല. അവർക്കുള്ള സവിശേഷതയായി പറയാൻ പററാത്ത ഒരുകാര്യം അവരുടെ അടയാളമാക്കലും ശരിയല്ല. ഈ വിഷയത്തിൽ പറയപ്പെട്ട ഉദ്ധരണിയാകട്ടെ അതവരെ

പുകഴ്ത്തലുമാകുന്നില്ല. ഇത്തരത്തിലുള്ള വാദങ്ങളിലധികവും സംശയങ്ങളുണ്ടാക്കിത്തീർക്കുന്നവയുമാണ് – ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ.

## ഇമാം മാലിക് ബ്നു അനസ് (رحمه الله)ൻെറ മറുപടി

ഇദ്ദേഹത്തിൻെറ പിതാവല്ല സ്വഹാബിയായ അനസ്ബ്നു മാലിക് എന്നത് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ഇവിടെ പറയപ്പെടുന്ന മാലിക് വേറെയാണ്. ഇദ്ദേഹത്തിൻെറ പിതാമഹൻ താബിഉകളിൽ പ്രമുഖനാണ്, അദ്ദേഹത്തിൻെറ പിതാവാകട്ടെ സ്വഹാബികളിൽ പെട്ട വ്യക്തിയുമാണ്. ഇദ്ദേഹം ഹിജ്റ: 93 ൽ മദീനയിൽ ജനിക്കുകയും 179 ൽ മദീനയിൽ തന്നെ മരണപ്പെടുകയും ചെയ്തിട്ടുള്ള വ്യക്തിയാണ്. താബിഉത്താബിഉകളുടെ കാലക്കാരനാണ് ഇദ്ദേഹം.

മാലിക് (رحمه الله)യോട് ചോദിക്കപ്പെട്ടു: അല്ലയോ അബൂ അബ്ദു റഹ്മാൻ, الرحمنُ علی العرش استَوی (അല്ലാഹു സിംഹാസനത്തിൽ ആരോഹിതനാണ്) എങ്ങനെയാണ് ആരോഹിതനായിരിക്കുന്നത്. അദ്ദേഹം പറഞ്ഞു: الاستواءُ غَيرُ مجهُولٌ (ആരോഹിതനാണ് എന്നത് അറിയപ്പെടാത്തതല്ല) അതായത് ആശയം അറിയപ്പെട്ടതാണ്. അതായത് ഔന്നത്യവും സ്ഥായീഭാവവും. والكَيفُ غَير معقُولٌ (അതിൻെറ രൂപം നമുക്കജ്ഞാതമാണ്) അതായത് എങ്ങനെയാണ് ആരോഹിതനായിരിക്കുന്നത് എന്നത് മനുഷ്യബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയാത്തതാണ്. അല്ലാഹു, അവൻെറ വിശേഷണങ്ങൾ ബുദ്ധിക്ക് കണ്ടെത്താവുന്നതിലും എത്രയോ ഉന്നതവും മഹത്വമേറിയതുമാണ്. وَالإيمَانُ بِهِ وَاجِبُ (അതിൽ വിശ്വസിക്കൽ നിർബന്ധവുമാണ്). അതായത് ആരോഹിതനാണ് എന്ന് ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ളത്. والسـؤَالُ عنْهُ بِدعـةٌ (അതിനെക്കുറിച്ച് ചോദിക്കൽ ബിദ്അത്താണ്) അതായത് അതിൻെറ രൂപം എങ്ങനെയെന്ന് ചോദിക്കൽ നബിയുടേയോ സ്വഹാബികളുടേയോ കാലത്ത് ഇല്ലാത്തതാണ്. പിന്നെ ചോദിച്ച വ്യക്തിയെ ജനങ്ങളുടെ വിശ്വാസത്തിൽ കുഴപ്പമുണ്ടാക്കുമെന്ന ഭയം കാരണത്താൽ പള്ളിയിൽ നിന്നും പുറത്താക്കുവാൻ കൽപ്പിക്കപ്പെട്ടു. തനിക്കൊരു ശിക്ഷയെന്ന നിലക്ക് വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുന്നത് വിലക്കുകയും ചെയ്തു.